# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അടാട്ട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: -KSA TSR(p-1)988/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 05/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അടാട്ട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: -KSA TSR(p-1)988/2022. തീയ്യതി: 05/07/2022

## തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-09-2019 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്) | 06-06-2022 | 13-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-06-2022 | 13-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഷീന.കെ.ടി,ഓഡിറ്റ് ഓഫീസർ
ശ്രീ.ശിവദാസൻ.എ.കെ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സലീഷ്.എം.ജി,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീജിത്ത് തെക്കുംപാടൻ,സീനിയർ ഗ്രേഡ് ഓഡിറ്റർ (07.06.2022-13.06.2022)
ശ്രീമതി വിദ്യ.ഒ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ (06.06.2022,07.06.2022 & 13.06.2022)
ശ്രീ.രഞ്ജിത്ത്.പി.ആർ, ഓഡിറ്റർ
കുമാരി ലക്ഷ്മിപ്രിയ, ഓഡിറ്റർ (07.06.2022-13.06.2022)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ടി.ആർ.ജയചന്ദ്രൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്ഹോക്ക് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി സിജി അജിത്ത്കുമാർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.പി.ജി.വസന്ത് കുമാർ | സെക്രട്ടറി | 01-04-2020 | 04-11-2020 |
| ശ്രീമതി രമാദേവി.പി. | സെക്രട്ടറി | 03-02-2021 | 31-03-2021 |
| ശ്രീ.മാറ്റ്ലി.എം.ചെറുവത്തൂർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-11-2020 | 02-02-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.റീജ.പി.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സ്മിതഫ്രാൻസിസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.രാധിക ശ്യാം | വെറ്ററിനറിസർജൻ | 01-04-2020 | 31-03-2021 |
| ഡോ.സൈമൺ.ടി.ചുങ്കത്ത് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീമതി.സ്റ്റെല്ല.വി.ഡി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതീ.സുഷമ.സി.വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 07-07-2020 |
| ശ്രീമതി മഞ്ജുഷ.ഡി.വി | സീനിയർ ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 08-07-2020 | 31-03-2021 |
| ഡോ.ധന്യ.എ.കെ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2020 | 28-02-2021 |
| ഡോ.സുജിത്ത്.കെ. | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-03-2021 | 31-03-2021 |
| ശ്രീ.ബാബു.സി.എ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ചിറ്റിലപ്പിള്ളി സർക്കിൾ) | 01-04-2020 | 15-02-2021 |
| ശ്രീമതി ഷീജ.പി.ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ചിറ്റിലപ്പിള്ളി സർക്കിൾ) | 16-02-2021 | 31-03-2021 |
| ശ്രീമതി ഷീജ.പി.ടി | വില്ലേജ് എക്സ്റ്റൻഷൻ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ(പുഴക്കൽ സർക്കിൾ) | | |
| ശ്രീമതി മരിയ ജ്യോതി | ഹെഡ് മിസ്ട്രസ് | 01-04-2020 | 15-06-2020 |
| ശ്രീമതി ജയ.കെ. | ഹെഡ് മിസ്ട്രസ് (ഇൻ ചാർജ്) | 16-06-2020 | 28-02-2021 |
| ശ്രീ രാമദാസ്.എം. | ഹെഡ് മാസ്റ്റർ | 01-03-2021 | 31-03-2021 |
| ഡോ.ജയ.ടി.എം | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീ.മാറ്റ്ലി.എം.ചെറുവത്തൂർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |

.

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sheena K T (Audit Officer, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം<br>Written By: Sheena K T (Audit Officer, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sheena K T (Audit Officer, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sheena K T (Audit Officer, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sheena K T (Audit Officer, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sheena K T (Audit Officer, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-6 |
| 7 | ക്ഷേമപെൻഷനുകൾ<br>Written By: Sheena K T (Audit Officer, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Ranjith P.R (Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Saleesh M.G (Asst. Audit Officer, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-9 |
| 10 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയില്ല<br>Written By: Saleesh M.G (Asst. Audit Officer, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-10 |
| 11 | വസ്തു നികുതി വാർഷിക കണക്കുകളും ഡി.സി.ബി.പത്രികയും പൊരുത്തപ്പെടുന്നില്ല<br>Written By: Saleesh M.G (Asst. Audit Officer, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 05-07-2022) | 1-11 |
| 12 | ലൈബ്രറി സെസ്സ്- ഡി.സി.ബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Saleesh M.G (Asst. Audit Officer, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 05-07-2022) | 1-12 |
| 13 | സർവ്വീസ് സെസ്സ് -ഡിമാന്റ്, കളക്ഷൻ, ബാലൻസ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല<br>Written By: Saleesh M.G (Asst. Audit Officer, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-13 |
| 14 | Capital Work In Progress-വർക്ക്ഷീറ്റ് ഹാജരാക്കിയിട്ടില്ല<br>Written By: Saleesh M.G (Asst. Audit Officer, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-14 |
| 15 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ-ഡിമാന്റ് -അപാകതകൾ<br>Written By: Saleesh M.G (Asst. Audit Officer, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-15 |
| 16 | അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ | 1-16 |

| | | |
|---|---|---|
| | അതാത് ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല<br>Written By: Saleesh M.G (Asst. Audit Officer, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | |
| 17 | കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ ചേർത്തിരിക്കുന്ന ഇനങ്ങൾ അതാത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Saleesh M.G (Asst. Audit Officer, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-17 |
| 18 | മുൻകൂർ ആയി ലഭിച്ച തുക ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല<br>Written By: Saleesh M.G (Asst. Audit Officer, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-18 |
| 19 | കുടിശ്ശിക-പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.<br>Written By: Saleesh M.G (Asst. Audit Officer, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-19 |
| 20 | "280000000-Prior Period Item"-വൌച്ചറുകൾ സൂക്ഷിക്കുന്നില്ല<br>Written By: Saleesh M.G (Asst. Audit Officer, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-20 |
| 21 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Saleesh M.G (Asst. Audit Officer, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-21 |
| 22 | ജേണൽ എൻട്രികൾക്ക് വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിക്കുന്നില്ല<br>Written By: Saleesh M.G (Asst. Audit Officer, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-22 |
| 23 | വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Saleesh M.G (Asst. Audit Officer, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-23 |
| 24 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്,ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല<br>Written By: Saleesh M.G (Asst. Audit Officer, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-24 |
| 25 | ഇൻവെസ്റ്റ്മെന്റ് - കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല<br>Written By: Saleesh M.G (Asst. Audit Officer, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-25 |
| 26 | തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.<br>Written By: Saleesh M.G (Asst. Audit Officer, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 05-07-2022) | 1-26 |
| 27 | സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല<br>Written By: Saleesh M.G (Asst. Audit Officer, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 05-07-2022) | 1-27 |
| 28 | ഡെപ്പോസിറ്റ് രജിസ്റ്റർ-അപാകതകൾ<br>Written By: Saleesh M.G (Asst. Audit Officer, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 05-07-2022) | 1-28 |
| 29 | പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.<br>Written By: Saleesh M.G (Asst. Audit Officer, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 05-07-2022) | 1-29 |

| | | |
|---|---|---|
| 30 | പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4 ൽ കാണുന്നില്ല<br>Written By: Saleesh M.G (Asst. Audit Officer, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-30 |
| 31 | ബാങ്ക് റീകൺസീലിയേഷൻ - പാസ്ബുക്ക് നീക്കിയിരിപ്പ് വ്യത്യാസപ്പെട്ടിരിക്കുന്നു<br>Written By: Saleesh M.G (Asst. Audit Officer, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 05-07-2022) | 1-31 |
| 32 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല<br>Written By: Saleesh M.G (Asst. Audit Officer, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-32 |
| 33 | രസീതു പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Ranjith P.R (Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-33 |
| 34 | അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച്<br>Written By: Ranjith P.R (Auditor, On 14-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-34 |
| 35 | ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവ പ്രവർത്തിക്കുന്നു<br>Written By: Vidhya O.K (Senior Grade Auditor, On 14-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-35 |
| 36 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Ranjith P.R (Auditor, On 14-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-36 |
| 37 | വാടക -അപാകങ്ങൾ<br>Written By: Vidhya O.K (Senior Grade Auditor, On 14-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-37 |
| 38 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Ranjith P.R (Auditor, On 14-06-2022)<br>Last Updated By: Sheena K T (Audit Officer, On 05-07-2022) | 1-38 |
| 39 | കയർ ഭൂവസ്ത്രം. വാങ്ങിയ കയർ ഭൂവസ്ത്രത്തിന്റെ അളവും, വസ്ത്രം വിരിച്ചതായി കാണിച്ച അളവും തമ്മിൽ പൊരുത്തക്കേട് വിശദീകരിക്കേണ്ടതാണ്.<br>Written By: Sivadasan A K (Asst. Audit Officer, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-39 |
| 40 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: Saleesh M.G (Asst. Audit Officer, On 10-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-40 |
| 41 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുള്ള മുഴവൻ മരുന്നുകളും ലഭ്യമായിട്ടില്ല<br>Written By: Sreejith Thekkumbadan (Senior Grade Auditor, On 10-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-41 |
| 42 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: Sheena K T (Audit Officer, On 15-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-42 |
| 43 | പഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ വാങ്ങൽ-ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള അനുമതി ഓഡിറ്റിന് ഹാജരാക്കിയില്ല.<br>Written By: Sheena K T (Audit Officer, On 15-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-43 |
| 44 | ബാലസഭ-അധിക തുക സി ഡി എസിന് ട്രാൻസ്ഫർ ചെയ്തു.<br>Written By: Sheena K T (Audit Officer, On 15-06-2022) | 1-44 |

| | | |
|---|---|---|
| | Last Updated By: Sheena K T (Audit Officer, On 04-07-2022) | |
| 45 | എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം- ലാപ് ടോപ്പ് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടില്ല-ചെലവ് തുക തടസ്സപ്പെടുന്ന<br>Written By: Sheena K T (Audit Officer, On 15-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-45 |
| 46 | പട്ടികജാതിക്കാർക്ക് കുടിവെള്ള സംഭരണി-ഗുണഭോക്തൃവിഹിതത്തിന് പകരം പദ്ധതി വിഹിതം അധികമായി ഉപയോഗിച്ചു<br>Written By: Sheena K T (Audit Officer, On 15-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-46 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sheena K T (Audit Officer, On 15-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sheena K T (Audit Officer, On 15-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്<br>Written By: Sheena K T (Audit Officer, On 15-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Sheena K T (Audit Officer, On 15-06-2022)<br>Last Updated By: Sheena K T (Audit Officer, On 15-06-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്<br>Written By: Sheena K T (Audit Officer, On 15-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sheena K T (Audit Officer, On 15-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: Saleesh M.G (Asst. Audit Officer, On 13-06-2022)<br>Last Updated By: Saleesh M.G (Asst. Audit Officer, On 13-06-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Sheena K T (Audit Officer, On 15-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sheena K T (Audit Officer, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 05-07-2022) | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Saleesh M.G (Asst. Audit Officer, On 13-06-2022)<br>Last Updated By: N Satheesan (Deputy Director, On 05-07-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 16-3-2020 | 1(1) | 200551000 | 196125000 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 16-2-2021 | 3(1) | 227932925 | 241107500 |

## 1-2 വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം

| ലഭിച്ച തിയതി | ലഭിക്കേണ്ട തിയതി |
|---|---|
| 21-06-21 | 31-7-2021 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27605306.90 |
| വരവ് | 88694319 |
| ആകെ | 116299625.90 |
| ചെലവ് | 79672614 |
| നീക്കിയിരിപ്പ് | 36627011.90 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 16646999 | 13795014 | 2851985 |
| വികസനഫണ്ട്-എസ് സി പി | 11321745 | 7497186 | 3824559 |
| വികസനഫണ്ട്-ടി എസ് പി | 172000 | 0 | 172000 |
| മെയിന്റനൻസ്-റോഡ് | 4737000 | 4735085 | 1915 |
| മെയിന്റനൻസ്-റോഡിതരം | 5019711 | 4997363 | 22348 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- | 10075185 | 7188906 | 2886279 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് | 5490000 | 2971702 | 2518298 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 152 | 99481738 | 107 | 60617842 | 19 | 26 | 60.9 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 481 | 1281817 | 1282298 | 1280956 | 1342 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 17922053 | 17922053 | 17922053 | 0 |

തൊഴിലുറപ്പ് പദ്ധതിയുടെ ചെലവ് വാർഷികകണക്കിൽ തെറ്റായാണ് രേഖപ്പെടുത്തിയത്, അപാകത ഖണ്ഡിക 1-26ൽ

ചേർത്തിട്ടുണ്ട്.

## 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 20040 | 30 |
| കർഷകതൊഴിലാളി പെൻഷൻ | 7358700 | 455 |
| വിധവാ പെൻഷൻ | 16635600 | 1139 |
| വാർദ്ധക്യകാല പെൻഷൻ | 29740600 | 2138 |
| വികലാംഗ പെൻഷൻ | 4507000 | 301 |
| 50വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3775300 | 263 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 210000 | 7 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, 09.06.2022 തീയതിയിൽ, 2.50 PM ന്, സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, 20078/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

വാടക (കെട്ടിടങ്ങൾ)

വാടക (ഹാൾ & ഓഡിറ്റോറിയം)

ലേല രജിസ്റ്റർ

പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-10 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

## 1-11 വസ്തു നികുതി വാർഷിക കണക്കുകളും ഡി.സി.ബി.പത്രികയും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തു നികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ" യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ

യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ 2020-21-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി

1.11.1 തൻവർഷം

1.11.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 4496379 | 4129857 | 118940 | 253569 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 4496379 | 4124438 | 118372 | *253817 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(266508/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.11.1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3681853 | 2651829 | 20565 | 1012728 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3681853 | 2648560 | 20565 | *1012763 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( 1063401 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.11.2 കുടിശ്ശിക

1.11.2.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1463679 | 1142304 | 325576 |

| | | | |
|---|---|---|---|
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1534025 * | 1138103 | 325802** |
| | *(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (317940+1292786=1610726/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (342092/105X100)=......., |

1.11.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 10275574 | 4042498 | 6233214 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1077989/- | 4042360 | 6233293 |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(1722247+9596639=11318886/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(6544958/105X100) =6233293ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.11.3 വസ്തുനികുതി -ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക പൊരുത്തപ്പെടുത്തുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 8453 | 679590 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 779 | 162231 |

1.11.4 വസ്തുനികുതി ഡിമാന്റ് 1 തവണ മാത്രം

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രുവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21വർഷത്തിൽ അടാട്ട് ഗ്രാമപഞ്ചായത്തിൽ 250 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2020-21 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക

വർഷത്തെ ഡിമാന്റ് 1 തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1.11.5 മുൻകൂർ ആയി ലഭിച്ച തുകയേക്കാൾ കൂടുതൽ തുക ക്രമീകരിച്ചു

2019-20 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2020-21 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior Period Items” എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്.ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൌച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/19 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2020-21ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 7354/- | 118372/- |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 3105/- | 20565/- |

1.11.6.അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചു

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൌണ്ട് പരിശോധിച്ചു.അതിൽ 128478രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും “Prior Period Items” എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു.ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക്ക്ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.11.6.1 റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1. | 42000423 | 29.03.21 | 111018 |

1.11.6.2 നോൺ-റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 4200424 | 30.3.21 | 17460 |

ഓഡിറ്റ് എൻക്വയറി 10/10.06.2022

## 1-12 ലൈബ്രറി സെസ്സ്- ഡി.സി.ബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

1.12.1ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| 1 -State Govt . Cess/levies...... | ഡിമാന്റ് | കളക്ഷൻ | മുൻകൂർ | ഡിമാന്റ് കുറവ് | ബാക്കി |
|---|---|---|---|---|---|

| ലെഡ്ജർ 2020--2 | | | | | | | | ക്രമീകരിച്ചത് | ചെയ്തത് | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻവർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 229064 | 74505 | 303569 | 209866 | 57450 | 267316 | 6388 | | 12939 | 16516 | 29455 |
| | നോൺ-റെസിഡൻഷ്യൽ | 185509 | 514170 | 699679 | 133289 | 202377 | 335666 | 1063 | | 50673 | 311744 | 362417 |
| | ആകെ | | | 1003248 | | | 602982 | 7451 | | 391872 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 1003248 | | | 603658 | | | | 1227797 | 391872 | | |
| | | 616421+386827 =(2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2020-21) | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2020--21) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1.12.2 വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ വ്യത്യാസം

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

1.12.3 ലൈബ്രറി സെസ് കിട്ടാനുള്ള തുകയിൽ വത്യാസം

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 8216959രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 391284 (8216959/105X5) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 391872രൂപ ചേർത്തിട്ടുണ്ട്.വ്യത്യാസം പരിഹരിക്കേണ്ടതാണ്.

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 602982 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 603658 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 1227797 രൂപയാണ്.

## 1-13 സർവ്വീസ് സെസ്സ് -ഡിമാന്റ്, കളക്ഷൻ, ബാലൻസ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല

സർവ്വീസ് സെസ്സ് – ഡിമാന്റ്, കളക്ഷൻ, ബാലൻസ് കണക്കുകൾ താഴെപ്പറയും വിധം പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| സഞ്ചയ സോഫ്റ്റ് വെയർപ്രകാരം | 3981168 | 2387435 | 1569506 |
| വാർഷികകണക്ക് പ്രകാരം | 4092786 | 2389195 | 1564857 |

(ഓഡിറ്റ് എൻക്വയറി 10/10.06.2022)

## 1-14 Capital Work In Progress-വർക്ക്ഷീറ്റ് ഹാജരാക്കിയിട്ടില്ല

31/3/2021-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 2154093/-രൂപയാണ്. എന്നാൽ ആയത് പരിശോധിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/21 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2021-ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന വർക്ക്ഷീറ്റ് ഹാജരാക്കിയിട്ടില്ല.

## 1-15 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ-ഡിമാന്റ് -അപാകതകൾ

2020-21 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ

രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക 1.11.4.ൽ ചേർത്തിട്ടുണ്ട്)

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക (കെട്ടിടങ്ങൾ) | 130100101-Rent From Building | 63452/- | 22.5.20 | 4200388 |
| | | | 15342/- | 28.7.20 | 4200400 |
| | | | 17110/- | 31.3.21 | 4200402 |
| | | | 10228/- | 31.3.21 | 4200429 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 10/10.06.2022)

## 1-16 അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല

അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ലാത്തതിനാൽ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല.

| ഇനം | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | എഴുതി തള്ളിയത് | ബാലൻസ് |
|---|---|---|---|---|---|
| ലേലം- -വാർഷിക കണക്ക് പ്രകാരം | 22134 | 22134 | - | - | 0 |

(ഓഡിറ്റ് എൻക്വയറി 10/10.06.2022)

## 1-17 കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ ചേർത്തിരിക്കുന്ന ഇനങ്ങൾ അതാത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

ഒഴിവാക്കി.

## 1-18 മുൻകൂർ ആയി ലഭിച്ച തുക ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനത്തിന് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്.എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2021-ലെ മുൻകൂർ തുക |
|---|---|---|---|
| 1 | ഡി&ഒ | 350410301-Advance Collection Of Revenues-Licence Fee For Dangerous And Offensive Traders | 188500 |

(ഓഡിറ്റ് എൻക്വയറി 10/10.06.2022)

## 1-19 കുടിശ്ശിക-പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
(ഓഡിറ്റ് എൻക്വയറി 10/10.06.2022)

## 1-20 “280000000-Prior Period Item”-വൌച്ചറുകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് ,ഷെഡ്യൂൾ I-18) | 31/3/2021 ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 180944 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 521472 |
| 280100102-Prior Period Income- Proffession Tax – Institutions/ Proffessionals / Traders | (1650) |
| 280100105- Prior Period Income – Service Cess On Residential Buildings | 32588 |
| 280100106- Prior Period Income – Service Cess On Non Residential Buildings | 104069 |
| 280200401-Prior Period Income-Other Incomes | 312500 |
| 280800201- Prior Period- Administrative Expense | (3020) |
| 280800301- Prior Period- Operation & Maintanance Expense | (300000) |
| 280800701- Prior Period- Miscallaneous Expense | 105713 |

(ഓഡിറ്റ് എൻക്വയറി 10/10.06.2022)

## 1-21 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-22 ജേണൽ എൻട്രികൾക്ക് വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ

വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി 10/10.06.22)

## 1-23 വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 9021705/-രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 13611967/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.
(ഓഡിറ്റ് എൻക്വയറി 10/10.06.22)

## 1-24 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്,ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല

2020-21 വർഷത്തെ Income And Expenditure പത്രിക പ്രകാരം 5088787/- രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.
(ഓഡിറ്റ് എൻക്വയറി 10/10.06.22)

## 1-25 ഇൻവെസ്റ്റ്മെന്റ് - കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 600/-രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
(ഓഡിറ്റ് എൻക്വയറി 10/10.06.22)

## 1-26 തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

വാർഷിക കണക്ക് പ്രകാരം ചെലവ്- 20483965/-

കാഷ്ബുക്ക് പ്രകാരം ചെലവ്- 19203009/-
ഗുണഭോക്താക്കൾക്ക് നല്കിയ വേതനം തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരം 17922053/- എന്നതിനു പകരം 19203009/- എന്നാണ് ബന്ധപ്പെട്ട ശീർഷകത്തിൽ രേഖപ്പെടുത്തിയത്. ആയതിനാലാണ് മേൽ വ്യത്യാസം സംഭവിച്ചിട്ടുള്ളത്.

(ഓഡിറ്റ് എൻക്വയറി 10/10.06.22)

## 1-27 സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി ക്ലോസിങ് സ്റ്റോക്ക് ഇല്ല. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ വർഷാന്ത്യമൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കേണ്ടതാണ്.

17.1 സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയതിന്റെ വിവരം ഹാജരാക്കേണ്ടതാണ്.
(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 58,4(എ))

(ഓഡിറ്റ് എൻക്വയറി 10/10.06.22)

## 1-28 ഡെപ്പോസിറ്റ് രജിസ്റ്റർ-അപാകതകൾ

താഴെ പറയുന്ന ഇനങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| Deposit Received For Halls & Auditorium - വരവ് | 440865 | 370515 |
| Deposit Received For Halls & Auditorium-തിരികെ നൽകിയത് | 28000 | 457965 |
| Contractors Security Deposit-വരവ് | - | 7500/- |

## 1-29 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/21 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/21 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്.അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ,ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ ചേർക്കുന്ന താഴെ പറയുന്ന ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | |
|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക |
| 1 | 320400199 | Grants, Funds & Contribution For Specific Purposes – Other Financial Institutions | 200000 |
| 2 | 320500101 | Grants, Funds & Contribution For Specific Purposes- Welfare Bodies Capital | 100000 |
| 3 | 320800101 | Beneficiary Contribution | 1029716 |
| 4 | 320200322 | Grants From Suchitwa Mission | 4057291 |
| 5 | 320200399 | Grants, Funds & Contribution For Specific Purposes – Other Than Dev. Fund & State Sponsor | 75000 |
| 6 | 320700204 | Contributions For Joint Venture Projects- (For Revenue Expenditure)- From Block Panchayats | 1307391 |
| 7 | 320700205 | Contributions For Joint Venture Projects- (For Revenue Expenditure)- From District Panchayats | 1368735 |
| 8 | 350200350 | Recoveries Payable-Covid | 698238 |

(ഓഡിറ്റ് എൻക്വയറി 10/10.06.22)

## 1-30 പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4 ൽ കാണുന്നില്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 – പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4 ൽ കാണുന്നില്ല.

| ക്രമനമ്പർ | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
|---|---|---|---|
| 1. | 450650109 | Treasury | 2657135 |

| | | | |
|---|---|---|---|
| | | Spl TSB-Joint Venture | |

(ഓഡിറ്റ് എൻക്വയറി 10/10.06.2022)

## 1-31 ബാങ്ക് റീകൺസീലിയേഷൻ - പാസ്ബുക്ക് നീക്കിയിരിപ്പ് വ്യത്യാസപ്പെട്ടിരിക്കുന്നു

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയതിൽ പാസ്ബുക്ക് നീക്കിയിരിപ്പ് വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നമ്പർ | റീകൺസീലിയേഷൻ പത്രിക പ്രകാരം പാസ്ബുക്ക് നീക്കിയിരിപ്പ് | പാസ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|
| 1. | Treasury - Own Fund | 799013000000836 | 1247745/- | 10,00,000/- |
| 2. | 450250201-Treasury A/c Covid | 799012900000878 | 161662 | 0 |

(ഓഡിറ്റ് എൻക്വയറി 10/10.06.2022)

## 1-32 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

450250109- Treasury Own Fund VPFA1 - അക്കൗണ്ട് നം.- 799013000000836

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 6022832 | 17.09.20 | 1862/- |
| 6022832 | 17.09.20 | 848/- |
| 6022817 | 24.08.20 | 1131 |
| 6022817 | 24.08.20 | 441 |
| 2982810 | 22.06.20 | 1037 |
| 2982810 | 22.06.20 | 1117 |

(ഓഡിറ്റ് എൻക്വയറി 10/10.06.22)

## 1-33 രസീതു പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. പഞ്ചായത്തിലെ രസീത് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഗുണഭോക്തൃവിഹിതം സ്വീകരിക്കുന്നതിനായി കൃഷി ഓഫീസർക്ക് 20.11.2021 തീയതിയിൽ ഇഷ്യൂ ചെയ്ത 57458 നം. രസീതു ബുക്കിൽ അസ്സൽ രസീതിനു പകരം പകർപ്പാണ് സൂക്ഷിച്ചിരിക്കുന്നത്. കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് റൂൾസ് 2011, അധ്യായം III, 20(സി) പ്രകാരം കൈയെഴുത്ത് രസീതുകൾ നൽകുമ്പോൾ, രസീതുകൾക്ക് മെഷീൻ നമ്പർ നൽകുകയും ഡബിൾ സൈഡ് കാർബൺ പേപ്പർ ഉപയോഗിച്ച് എഴുതുകയും രസീതിന്റെ അസ്സൽ ഓഫീസിൽ സൂക്ഷിക്കുകയും വേണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് റൂൾസ്, 2011 ന് എതിരായ മേൽ സൂചിപ്പിച്ച അപാകതകയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് റിക്വിസിഷൻ നം. 11/10.06.2022 ന് ലഭ്യമാക്കിയ മറുപടിയിൽ തിരക്കിനിടയിൽ അശ്രദ്ധ മൂലം സംഭവിച്ച മനപൂർവ്വമല്ലാത്ത തെറ്റാണെന്നും മേലിൽ തെറ്റ് ആവർത്തിക്കില്ലെന്നും കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് റൂൾസ്, 2011 പ്രകാരം രസീതുകൾ സൂക്ഷിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

2. പഞ്ചായത്തിലെ രസീത് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഗുണഭോക്തൃവിഹിതം സ്വീകരിക്കുന്നതിനായി 22.11.2021 തീയതിയിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് ഇഷ്യൂ ചെയ്ത 57466, 57467എന്നീ നം. രസീതു ബുക്കുകളിൽ പണം സ്വീകരിച്ച തീയതി രേഖപ്പെടുത്തുകയോ ഡബിൾ സൈഡ് കാർബൺ പേപ്പർ ഉപയോഗിച്ച് എഴുതുകയോ ചെയ്തിട്ടില്ല.

കൂടാതെ പ്രസ്തുത രസീതു ബുക്കുകളുടെ കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുകയോ പണം സ്വീകരിക്കുന്ന അന്നു തന്നെ പഞ്ചായത്തിൽ അടവാക്കുകയോ ചെയ്തിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് റൂൾസ്, 2011, അധ്യായം III, 20(സി) പ്രകാരം കൈയെഴുത്ത് രസീതുകൾ നൽകുമ്പോൾ, രസീതുകൾക്ക് മെഷീൻ നമ്പർ നൽകുകയും ഡബിൾ സൈഡ് കാർബൺ പേപ്പർ ഉപയോഗിച്ച് എഴുതുകയും രസീതിന്റെ അസ്സൽ ഓഫീസിൽ സൂക്ഷിക്കുകയും വേണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കൾ 7(2) പ്രകാരം പ്രതിദിന കളക്ഷൻ തുക തൊട്ടടുത്ത പ്രവർത്തി ദിവസം ട്രഷറിയിൽ/ബാങ്കിൽ അടവാക്കേണ്ടതാണ്. ട്രഷറി /ബാങ്ക് കാര്യാലയത്തിൽനിന്നും അകലെയാണെങ്കിലോ അല്ലെങ്കിൽ മറ്റേതെങ്കിലും കാരണത്താലോ പണം അടക്കാൻ സാധിക്കാതെ വന്നാൽ ആഴ്ചയിലെ അവസാന പ്രവർത്തി ദിവസം തുക അടവാക്കേണ്ടതാണ്. എന്നിരിക്കെ ആയതിനുതകും വിധം നിർവ്വഹണ ഉദ്യോഗസ്ഥർ അവരുടെ പ്രതിദിന കളക്ഷൻ തുക പഞ്ചായത്തിൽ അടവാക്കേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് റൂൾസ്, 2011 നും കേരള ഫിനാൻഷ്യൽ കോഡിനും എതിരായ മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് റിക്വിസിഷൻ നം. 12/10.06.2022 ന് ലഭ്യമാക്കിയ മറുപടിയിൽ ആദ്യമായിട്ടാണ് ഗുണഭോക്തൃവിഹിതം സ്വീകരിക്കുന്ന ഒരു പദ്ധതി (ബയോബിൻ വിതരണം 2021-22) കൈകാര്യം ചെയ്യുന്നതെന്നും അതു കൊണ്ടു സംഭവിച്ച അപാകതയാണെന്നും തുടർ വർഷങ്ങളിൽ മേൽ അപാകതകൾ ആവർത്തിക്കില്ലെന്നും അറിയിച്ചിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥർ അടവാക്കുന്ന കളക്ഷൻ തുക നിരീക്ഷണ ഉദ്യോഗസ്ഥൻ കളക്ഷൻ രജിസ്റ്റർ പ്രകാരം ഒത്തുനോക്കി ആധികാരിത ഉറപ്പുവരുത്തേണ്ടതാണ്. മേൽ അപാകതകൾ (1&2) ആവർത്തിക്കാതിരിക്കാൻ കർശന നടപടികൾ അധികാരികളുടെ ഭാഗത്തു നിന്നുണ്ടാകേണ്ടതാണ്.

## 1-34 അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച്

അനധികൃത കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കാൻ അമല ക്യാൻസർ സൊസൈറ്റി ഡയറക്ടറായ ഫാദർ ഫ്രാൻസിസ് കുര്യാശ്ശേരി നൽകിയ അപേക്ഷയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടത്തിന്റെ പേര് | തറ വിസ്തീർണ്ണം (ച.മീ) | കംപ്ലീഷൻ തീയതി |
|---|---|---|---|
| 1 | പേ വാർഡ് | 4376.49 | 16.09.2010 |
| 2 | സ്പെഷ്യാലിറ്റി ബ്ലോക്ക് | 12038 | 11.10.2011 |
| 3 | ആയുർവേദ ബ്ലോക്ക് | 4651.04 | 20.08.2010 |
| 4 | ലൈബ്രറി ബ്ലോക്ക് | 8311.53 | 30.01.2017 |
| ആകെ | | 29377.06 | |

കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനു വേണ്ടി നൽകിയ അപേക്ഷകളിൽ നിന്നും 17713.04 ച.മീ വിസ്തീർണ്ണമുള്ള ഡോക്ടേഴ്സ് അപ്പാർട്ട്മെന്റ് കെട്ടിടവും 7141.74 ച.മീ വിസ്തീർണ്ണമുള്ള 'ഹോസ്റ്റൽ ഫോർ സിസ്റ്റേഴ്സ് & സ്റ്റുഡന്റ്സ്' കെട്ടിടവും നിർമ്മാണത്തിലിരിക്കുന്നതായി അപേക്ഷകളിൽ കാണിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങൾക്ക് പെർമിറ്റ് അനുവദിച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ കെട്ടിട നിർമ്മാണ പ്രവൃത്തികൾ നിർത്തി വെക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നുമുള്ള ഓഡിറ്റ് എൻക്വയറിക്ക് (16/13.06.2022) മറുപടി ലഭ്യമാക്കിയില്ല.

മേൽ വിഷയവുമായി ബന്ധപ്പെട്ട് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) അന്വേഷണം നടത്തുകയും റിപ്പോർട്ട് ഗവൺമെന്റിലേക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, 11.04.2022 ലെ ഗവൺമെന്റ് സെക്രട്ടറിയുടെ ആർബി 2/507/2019/തസ്വഭവ കത്തിൽ പഞ്ചായത്തിൽ നിന്നുള്ള അനുമതി, ഫയർ ഫോഴ്സ് ഡയറക്ടറേറ്റ്, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവിടങ്ങളിൽ നിന്നുള്ള NOC എന്നിവ ലഭിക്കാതെ ബഹുനില കെട്ടിടങ്ങളിൽ നടന്നു വരുന്ന ആശുപത്രികളുടെ പ്രവർത്തനം നിർത്തി വെപ്പിക്കേണ്ടതാണെന്നും പുറമ്പോക്ക് ഭൂമി കൈയ്യേറി കെട്ടിടങ്ങൾ നിർമ്മിച്ചിട്ടില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണെന്നും നിർമ്മാണങ്ങളുടെ വ്യാപ്തിയും ഗൗരവ സ്വഭാവവും കണക്കിലെടുത്ത് പഞ്ചായത്തിന്റെ നമ്പർ ലഭിക്കാതെ അനധികൃതമായി പ്രവൃത്തിച്ചു വരുന്ന കെട്ടിടങ്ങൾക്ക് UA നമ്പർ ചുമത്തി നിയമാനുസൃതമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സെക്രട്ടറിയുടെ 18.05.2022 തീയതിയിലെ ബി1-10063/2018 നമ്പർ കത്തു പ്രകാരം ആശുപത്രി കെട്ടിടങ്ങളുടെ പ്രവർത്തനം നിർത്തി വെക്കുന്നതിന് ഉടമസ്ഥന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പ്രസ്തുത കത്തിന് നാളിതു വരെ മറുപടി ലഭ്യമാക്കാത്തതിനാലും UA നമ്പർ ചുമത്തുന്നതിന് അപേക്ഷ സമർപ്പിക്കാത്തതിനാലും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2019 ചട്ടം 90(4) പ്രകാരം സ്ഥാപന ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ ഉടൻ ആരംഭിക്കേണ്ടതാണ്.

സമാന വിഷയത്തിൽ, ഐഡിയൽ എഡ്യൂക്കേഷൻ സൊസൈറ്റി, ചിറ്റിലപ്പിള്ളി യുടെ കീഴിലുള്ള രണ്ടാം വാർഡിൽ

സ്ഥിതി ചെയ്യുന്ന താഴെ പറയുന്ന കെട്ടിടങ്ങൾ അനധികൃത കെട്ടിടങ്ങളുടെ വിഭാഗത്തിൽ പെടുന്ന കെട്ടിടങ്ങളാണ്. 2013 ആദ്യ അർദ്ധവർഷം മുതൽ, ടി കെട്ടിടങ്ങളുടെ വസ്തു നികുതി അടവാക്കിയിട്ടില്ല. നിലവിൽ വസ്തു നികുതിയൊന്നും ഒടുക്കാതെയാണ് മേൽ സ്ഥാപനം പ്രവർത്തിച്ചു വരുന്നത്. ഒരു കോടിയിലേറെ വസ്തു നികുതി തുക, അരിയർ ഇനത്തിൽ അടവാക്കാനുമുണ്ട്. നിലവിൽ കോടതിയിൽ വ്യവഹാരം നിലനിൽക്കുന്നതിനാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കുന്നില്ല.

| ക്രമ നം | കെട്ടിട നം | തറ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന്റെ ഉപയോഗം | ഡിമാന്റ് ചെയ്ത നികുതി | UAവിഭാഗത്തിൽ ഉൾപ്പെടുത്തിയ തീയതി |
|---|---|---|---|---|---|
| 1 | 2/279 A(UA) | 2451.97 | വിദ്യാഭ്യാസം | 59583 | 01.04.2011 |
| 2 | 2/279 B(UN) | 3511.44 | വിദ്യാഭ്യാസം | 85329 | 01.01.2014 |
| 3 | 2/279 C(UA) | 7901.03 | വിദ്യാഭ്യാസം | 191997 | 01.04.2011 |
| 4 | 2/279 D(UA) | 235.34 | വിദ്യാഭ്യാസം | 5085 | 01.04.2011 |
| 5 | 2/279 E(UA) | 1060.95 | വിദ്യാഭ്യാസം | 25782 | 01.04.2011 |
| 6 | 2/279 F(UA) | 75.06 | വാണിജ്യം | 13512 | 01.04.2011 |
| 7 | 2/279 G(UA) | 3189.72 | വിദ്യാഭ്യാസം | 77511 | 01.04.2011 |
| 8 | 2/279 H(UA) | 8892.63 | വിദ്യാഭ്യാസം | 216093 | 01.04.2011 |

പഞ്ചായത്തിലെ അനധികൃത കെട്ടിട നിർമ്മാണങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള അറിയിപ്പ് നൽകിയിട്ടും നടപടികൾ സ്വീകരിക്കാത്ത കെട്ടിട ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവ പ്രവർത്തിക്കുന്നു

### ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ പ്രവർത്തിക്കുന്നു :

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 7 പൊതുവിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും മേൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

### ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നു :

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 139 പ്രകാരം കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 4 കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടില്ല.

ആയതുമായി ബന്ധപ്പെട്ടു നൽകിയ എൻക്വയറിക്ക് (നമ്പർ: 01/08.06.2022), മേൽ പറഞ്ഞ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-36 തൊഴിൽ നികുതി ഈടാക്കിയില്ല

കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്. പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | ബ്യൂകോൺ ഇൻഡസ്ട്രീസ് | I & II |
| 2 | ബി എസ് എൻ എൽ, അമല നഗർ | I |
| 3 | ഫയർ ബോൾ സർവീസസ് | I & II |
| 4 | ഗവ. ഹോമിയോ ഡിസ്പെൻസറി, പരീക്കാട് | II |
| 5 | ഐ സി ഡി പി സബ്സെന്റർ | I & II |
| 6 | KK &VIA ചൂരക്കാട്ടുകര | II |
| 7 | നന്ദനം സാനിറ്ററീസ് | II |
| 8 | പോസ്റ്റ് ഓഫീസ്, ചിറ്റിലപ്പിള്ളി | II |
| 9 | എസ് കെ ഡെന്റൽ കെയർ | I & II |
| 10 | ശോഭ ഡെവലപ്പേഴ്സ് ലിമിറ്റഡ് | II |
| 11 | കാനറാ ബാങ്ക്, പുറനാട്ടുകര | II |
| 12 | യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ, പുഴക്കൽ | II |
| 13 | വിലങ്ങൻ പവർലൂം വ്യവസായ സഹകരണ സംഘം | I & II |

ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/08.06.2022) മേൽ സ്ഥാപനങ്ങളിൽ ബ്യൂകോൺ ഇൻഡസ്ട്രീസ്, ഫയർബോൾ സർവീസസ്, നന്ദനം സാനിറ്ററീസ്, എസ്.കെ ഡെന്റൽ കെയർ, ശോഭ ഡെവലപ്പേഴ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ അടച്ചു പൂട്ടി പോയതിനാൽ നികുതി അടവാക്കിയിട്ടില്ലെന്നും ബാക്കി സ്ഥാപനങ്ങൾക്ക് കത്തു നൽകി നികുതി ഈടാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അടച്ചു പൂട്ടിയ സ്ഥാപനങ്ങൾ അതു വരെയുള്ള തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെന്ന ഉറപ്പു വരുത്തേണ്ടതും ബാക്കി സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-37 വാടക -അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നുള്ള വാടക സംബന്ധിച്ചുള്ള അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. 2020-21 സാമ്പത്തിക വർഷം എക്കോ ബാഗ്സ് കുടുംബശ്രീ എന്ന സ്ഥാപനത്തിന് വാടകക്ക് നൽകിയിട്ടുള്ള 18/72 F നമ്പർ കെട്ടിടത്തിന്റെ 10 മാസത്തെ വാടക അടവാക്കിയിട്ടില്ല.
2. 2020-21 സാമ്പത്തിക വർഷം സജിത സുരേഷ് എന്ന വ്യക്തിക്ക് വാടകക്ക് നൽകിയിട്ടുള്ള 8/3 E നമ്പർ കെട്ടിടത്തിന്റെ 2 മാസത്തെ വാടക ഇനിയും അടവാക്കിയിട്ടില്ല.

3. കാത്തലിക്ക് സിറിയൻ ബാങ്കിന് വാടകക്ക് നൽകിയിട്ടുള്ള, 7/340 നമ്പർ കെട്ടിടത്തിന് , വാടക നിരക്കിൽ പ്രതിവർഷമുള്ള 5 % വാർഷിക വർദ്ധനവ് വരുത്തിയിട്ടില്ല.

4. പഞ്ചായത്തിന്റെ കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിനുള്ള ബൈലോ ഖണ്ഡിക 17 പ്രകാരം, വാടക യഥാസമയം അടവാക്കുന്നതിൽ വീഴ്ച വരുത്തിയാൽ നിശ്ചിത തീയതി മുതൽ പണം അടവാക്കുന്ന തീയതി ഉൾപ്പടെയുള്ള കാലത്തേക്ക് പ്രതിമാസം 2 % പിഴപ്പലിശയോടെ വാടക അടവാക്കേണ്ടതാണ്.എന്നാൽ പഞ്ചായത്തിൽ ഇപ്രകാരമുള്ള പിഴപ്പലിശ ഈടാക്കുന്നില്ല.
അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം. 03/08.06.2022)

## 1-38 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ

തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്. 2020-21 സാമ്പത്തിക വർഷത്തെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | ബി എസ് എൻ എൽ, അമല നഗർ | I & Ii |
| 2 | ഫയർ ബോൾ സർവീസസ് | I & II |
| 3 | ജീയെം മോട്ടേഴ്സ് | I & II |
| 4 | നന്ദനം സാനിറ്ററീസ് | I & II |
| 5 | പ്രൈം റൂഫിംഗ് സൊല്യൂഷൻസ് | II |
| 6 | ശോഭ ഡെവലപ്പേഴ്സ് ലിമിറ്റഡ് | II |
| 7 | സിൻഡിക്കേറ്റ് ബാങ്ക്, പുറനാട്ടുകര | II |
| 8 | യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ, പുഴക്കൽ | II |

ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/08.06.2022) മേൽ സ്ഥാപനങ്ങളിൽ ഫയർബോൾ സർവീസസ്, നന്ദനം സാനിറ്ററീസ്, ശോഭ ഡെവലപ്പേഴ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ അടച്ചു പൂട്ടി പോയതിനാൽ നികുതി അടവാക്കിയിട്ടില്ലെന്നും ബാക്കി സ്ഥാപനങ്ങൾക്ക് കത്തു നൽകി നികുതി ഈടാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അടച്ചു പൂട്ടിയ സ്ഥാപനങ്ങൾ അതു വരെയുള്ള തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെന്ന ഉറപ്പു വരുത്തേണ്ടതും ബാക്കി സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-39 കയർ ഭ്രവസ്തം. വാങ്ങിയ കയർ ഭ്രവസ്ത്രത്തിന്റെ അളവും, വസ്തം വിരിച്ചതായി കാണിച്ച അളവും തമ്മിൽ പൊരുത്തക്കേട് വിശദീകരിക്കേണ്ടതാണ്.

പ്രവർത്തിയുടെ പേര്. വാർഡ്-17. തിരുത്ത് പടവ് ചാലുകൾ നവീകരണം. റീച്ച്-1

(19-20)

തിരുത്ത് പടവ് ചാലുകൾ നവീകരണം റീച്ച് -1 (20-21 Spill Over)

19-20,20-21 വർഷങ്ങളിലായി ആകെ രണ്ടു പ്രോജക്ടുകളിലാണ് പ്രവർത്തി നടന്നത്. തിരുത്തിപ്പടവ് ചാലിൽ കയർ ഭ്രവസ്തം വിരിക്കുന്നതാണ് പദ്ധതിയിലുൾപ്പെട്ടിരുന്നത്.

ഈ പ്രവർത്തിയിൽ കയർ ഭ്രവസ്തം വിരിക്കുന്നതിനും , മുളയാണികൾ ചേർത്ത് ഉറപ്പിക്കുന്നതിനും, പുല്ല് വെച്ചുപിടിപ്പിക്കുന്നതുൾപ്പടെയുള്ള മുഴുവൻ പ്രവർത്തികൾക്കുമായി ഇ മെഷർമെന്റ് ബുക്ക് പ്രകാരം ആകെ അനുവദിച്ച തുക, ഏരിയ എന്നിവ താഴെ ചേർക്കും പ്രകാരമാണ്.

| എം ബുക്ക് നമ്പർ | പേജ് നമ്പർ | തിയ്യതി | ഏരിയ എം സ്ക്വയർ | റേറ്റ് | ആകെതുക |
|---|---|---|---|---|---|
| 07/19-20 | 12 | 13/03/2020 | 204 | 66.66 | 13598.64 |
| 07/19-20 | 12 | 20/03/2020 | 61 | 66.66 | 4066.26 |
| 07/19-20 | 12 | 20/03/2020 | 37 | 66.66 | 2466.42 |
| 174/19-20 | 03 | 29/04/2020 | 303 | 71.66 | 21712.98 |
| 172/19-20 | 04 | 07/05/2020 | 118 | 71.59 | 8447.62 |

| | | | | | |
|---|---|---|---|---|---|
| 172/19-20 | 06 | 15/05/2020 | 29 | 71.59 | 2076.11 |
| 172/19-20 | 08 | 22/05/2020 | 362 | 71.586 | 25914.13 |
| 181/19-20 | 11 | 26/05/2020 | 131 | 71.59 | 9378.29 |
| 172/19-20 | 10 | 02/06/2020 | 110 | 71.58 | 7873.8 |
| 172/19-20 | 0 | 31/12/2020 | 143 | 71.662 | 10247.67 |
| ആകെ | | | 1498 | | |

എന്നാൽ ഫയൽ പരിശോധനയിൽ രണ്ടു വർഷത്തെ ഈ പ്രവർത്തികളിലായി ആകെ വാങ്ങിയ ഭൂവസ്ത്രത്തിന്റെ അളവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇൻവോയ്സ് നമ്പർ | തിയ്യതി | അളവ് M2 | തുക |
|---|---|---|---|
| CC/IG/3212 | 10/03/2020 | 500 | 34125 |
| CC/IG/14 | 28/04/2020 | 300 | 20475 |
| | | 800 | |

ആകെ 800 മീറ്റർ സ്ക്വയർ കയർ ഭൂവസ്ത്രം വാങ്ങിയപ്പോഴാണ് അത് വിരിക്കുന്നതിനായി 1498 മീറ്റർ സ്ക്വയറിനുള്ള തുക നൽകിയത് എന്ന് കാണാവുന്നതാണ്. ഇപ്രകാരം അപാകത വന്നത് തൃപ്തികരമായി വിശദീകരിക്കാൻ ബന്ധപ്പെട്ട ഉദ്യാഗസ്ഥർക്ക് നിലവിൽ കഴിഞ്ഞിട്ടില്ല. ഇത് കൃത്യമായി പരിശോധിച്ച് അപാകതയുടെ കാരണം വിശദീകരിക്കേണ്ടതാണ്.

## 1-40 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ തൃശ്ശൂർ എസ്.എൽ.ബി.പി ഡെപ്യൂട്ടിഡയറക്ടർക്ക് താഴെപ്പറയും വിധം തുക നൽകിയിട്ടുണ്ട്.

| പദ്ധതി നമ്പർ | ബിൽനം. തിയതി | തുക |
|---|---|---|
| 02/21 | 11/2020-21 /13.01.2021 | 312500 |

ഈ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

ഈ പദ്ധതിയിൽ 2019-20 ലെ ഗുണഭോക്താവായ രാമകൃഷ്ണൻ എടശ്ശേരിവളപ്പിൽ എന്ന ഗുണഭോക്താവ് 10/2020 വരെയും ,2020-21 ലെ ഗുണഭോക്താവായ വള്ളിയമ്മ കുറ്റൂർമനപണിയിൽ എന്ന ഗുണഭോക്താവ് 12/2021 വരെയുമാണ് കാലിത്തീറ്റ വാങ്ങിയിട്ടുള്ളത്. ഇവർക്കായി എസ്.എൽ.ബി.പിയ്ക്ക് നൽകിയ വിഹിതത്തിൽ അവശേഷിയ്ക്കുന്ന തുക എസ്.എൽ.ബി.പി യിൽ നിന്നും തിരികെ ലഭിയ്ക്കാൻ നടപടി സ്വീകരിയ്ക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 14/10.06.2022)

## 1-41 കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുള്ള മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല

2020-21 സാമ്പത്തിക വർഷത്തിൽ പെയിൻ & പാലിയേറ്റീവ് പദ്ധതിയുടെ(പ്രൊജക്റ്റ് നമ്പർ 23) ഭാഗമായി വിവിധ മരുന്നുകൾ വാങ്ങുന്നതിനായി തിരുവനന്തപുരത്തുള്ള കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 5,69,972/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ഇതിൽ 14,362/- രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമായിട്ടില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നമ്പർ 09/09-06-22) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തുക കൈമാറിയതിന്റെ വിശദാംശങ്ങൾ(പട്ടിക 1)

| ക്രമ നമ്പർ | ബിൽ നമ്പർ/ ചെക്ക് നമ്പർ | തീയതി | ഫണ്ട് | തുക |
|---|---|---|---|---|
| 1 | 06/20-21 | 25-09-2020 | വികസന ഫണ്ട് ജനറൽ | 3,44,981 |
| 2 | 2982666 | 16-11-2020 | തനത് ഫണ്ട് | 2,24,991 |
| | | | | 5,69,972 |

ലഭ്യമായ മരുന്നുകളുടെ വില (പട്ടിക 2)

| ക്രമ നമ്പർ | മരുന്ന് ലഭ്യമാക്കിയ ഇൻവോയ്സ് നമ്പർ/തീയതി | തുക |
|---|---|---|
| 1 | 7623/09-10-20 | 26,330 |
| 2 | 7597/08-10-20 | 40,244 |
| 3 | 7590/08-10-20 | 13,720 |
| 4 | 29882/02-02-21 | 68,969 |
| 5 | 29885/02-02-21 | 66,178 |
| 6 | 29889/02-02-21 | 30,065 |
| 7 | 30304/12-02-21 | 60,366 |
| 8 | 44102/09-03-21 | 52,162 |
| 9 | 44262/15-03-21 | 7724 |
| 10 | 44455/22-03-21 | 18,294 |
| 11 | 44101/09-03-21 | 43,152 |
| 12 | 2467/17-06-21 | 53,010 |
| 13 | 3358/05-07-21 | 25,370 |
| 14 | 3367/05-07-21 | 27,877 |
| 15 | 6586/24-09-21 | 17,923 |
| 16 | 14258/03-03-22 | 4226 |
| | ആകെ | 5,55,610 |

| മരുന്നിനായി കൈമാറിയ തുക | ഇതുവരെ ലഭ്യമായ മരുന്നിന്റെ വില | ബാക്കി തുക |
|---|---|---|
| 5,69,972 | 5,55,610 | 14,362 |

ഓഡിറ്റ് നിരീക്ഷണങ്ങൾ

1) വിവിധ മരുന്നുകൾക്കും, കിടപ്പുരോഗികൾക്ക് അത്യാവശ്യമായി വരുന്ന വാട്ടർ ബെഡ്, വീൽ ചെയർ പോലുള്ള വിവിധ ഉപകരണങ്ങൾക്കുമായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 5,69,972/- രൂപ കൈമാറിയിട്ട് രണ്ടുവർഷം പൂർത്തിയാവാറായിട്ടും കൈമാറിയ മുഴുവൻ തുകകൾക്കും മരുന്നുകളും ഉപകരണങ്ങളും ലഭ്യമാവാത്തത് ഗൗരവമേറിയ വിഷയമാണ്. ഇവ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

2) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലഭ്യമാക്കിയ മരുന്നുകളുടെ ഇൻവോയ്സുകൾ പരിശോധിക്കുമ്പോൾ മരുന്നുകൾ ലഭ്യമായത് വളരെ വൈകിയാണെന്ന് കാണാം(പട്ടിക 2). 2020-21 വർഷത്തെ പദ്ധതി കാലയളവ് പൂർത്തിയായതിന് ശേഷമാണ് 1,28,406/-രൂപയുടെ മരുന്നുകൾ ലഭിച്ചിരിക്കുന്നത്.

3) ക്യാൻസർ രോഗികൾ, ഹൃദയ- ശ്വാസകോശ രോഗികൾ, വൃക്കകളുടെ പ്രവർത്തനം തകരാറിലായവർ തുടങ്ങിയ ഗുരുതരമായി രോഗം ബാധിച്ചവർക്കും, കിടപ്പ് രോഗികൾക്കും ആവശ്യ ഘട്ടത്തിൽ ലഭ്യമാകേണ്ട മരുന്നുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും സമയബന്ധിതമായി ലഭ്യമാവാത്തത് സാമൂഹിക അരോഗ്യ സുരക്ഷയുമായി ബന്ധപ്പെട്ട ഇത്തരം പദ്ധതികളുടെ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്ന ഘടകമാണ്. ഇത് അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

## 1-42 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

| പദ്ധതി നം., പേര് | കൈമാറിയ സ്ഥാപനം | കൈമാറിയ തുക | ബിൽ നം/വൗച്ചർ നം.,തിയതി |
|---|---|---|---|
| 75/19-20,പുഴയ്ക്കൽ പമ്പ് ഹൗസിൽ നിന്നും ചാക്യാംപറമ്പ് | കേരളാ വാട്ടർ അതോറിറ്റി | 24,00,000/ | 22000930,3-9-20<br>22000931,3-9-20<br>22000932,3-9-20 |

| | | | |
|---|---|---|---|
| ഒ.എച്ച് ടാങ്കിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | | | 22000933,3-9-20<br>22000934,3-9-20<br>22000935,3-9-20 |
| 5/19-20, വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ-തുക കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്യൽ | കെ.എസ്.ഇ.ബി | 4,00,000/<br>4,63,098/ | 22000547,6-5-20<br>22000548,6-5-20 |
| | | | |

## 1-43 പഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ വാങ്ങൽ-ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള അനുമതി ഓഡിറ്റിന് ഹാജരാക്കിയില്ല.

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ, പദ്ധതി നം.138/20-21,പഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ വാങ്ങൽ എന്നതിൽ, GEM മുഖേന, ഇലക്ട്രോ എക്യുപ്മെന്റ്സ്,ന്യൂ ഡെൽഹി എന്ന സ്ഥാപനത്തിൽ നിന്നും, 6,29,503/രൂപാ മുടക്കി ഡീസൽ ജനറേറ്റർ വാങ്ങുകയും, ഇൻസ്റ്റലൈൻ ടെക്നോളജീസ്, പൂങ്കുന്നം എന്ന സ്ഥാപനത്തിന്,51197/രൂപാ നൽകി ജനറേറ്റർ ഇൻസ്റ്റാൾ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രവർത്തനാനുമതിയ്ക്കായുള്ള ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയില്ല. കൂടാതെ ജനറേറ്ററിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട ലോഗ് ബുക്ക് പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ലോഗ് ബുക്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതും, ഇലക്ട്രിക്കൽ ഇന്സ്പെക്ടറേറ്റിൽ നിന്നുള്ള അനുമതി പത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.കൂടാതെ ജനറേറ്ററിന്റെ പ്രവർത്തനങ്ങൾക്കായി ഒരുലോഗ് ബുക്ക് പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.

## 1-44 ബാലസഭ-അധിക തുക സി ഡി എസിന് ട്രാൻസ്ഫർ ചെയ്തു.

പദ്ധതി മാർഗരേഖ, സർക്കാർ ഉത്തരവ് (കൈ) നം.22/2018/തസ്വഭവ, തി.14-2-2018 പ്രകാരം, ബാലസഭാ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് ചെലവഴിക്കാവുന്ന പരമാവധി തുക 40000/രൂപയാണ്. എന്നാൽ അസി.സെക്രട്ടറി, ബാലസഭാ പ്രവർത്തനങ്ങൾക്കായി, തനത് ഫണ്ടിൽ നിന്നും, വൗച്ചർ നം. 2190l129,dt.8-11-19

പ്രകാരം, 50000/രൂപാ സി ഡി എസിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. മാർഗരേഖാവിരുദ്ധമായി അധികം നൽകിയ തുക ,10000/രൂപാ തനത് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 1-45 എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം- ലാപ് ടോപ്പ് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടില്ല-ചെലവ് തുക തടസ്സപ്പെടുന്നു

അസി.സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ, പദ്ധതി നം.48/20-21 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം എന്ന പദ്ധതിയിൽ താഴെ പറയും പ്രകാരം കെൽട്രോണിന്, 11 ലാപ് ടോപ്പുകൾ വിതരണം ചെയ്യുന്നതിനായി 8 എണ്ണത്തിന് 183160/- രൂപയും (22895x8 = 183160) 3 എണ്ണത്തിന് 81687/- രൂപയും (27229x3 = 81687) അടക്കം ആകെ 264847/- രൂപാ നൽകിയിട്ടുണ്ട്.

ബിൽനം.4/20-21, Dt.23-10-20, Amt.183160/- (പദ്ധതി വിഹിതം)
ബിൽ നം.9/20-21, Dt.3-3-21, Amt.66840/- (പദ്ധതി വിഹിതം)
ചെക്ക് നം.XY 5394511, Dt.4-3-21 തുക – 14847/- (തനത് ഫണ്ട്)

കെൽട്രോൺ, ഇൻവോയ്സ് നം.ITP/00837/20-21,14-6-2021 പ്രകാരം 8 ലാപ്ടോപ്പുകൾ പഞ്ചായത്തിലേക്ക് നൽകിയെങ്കിലും, ആയത് സ്റ്റോക്കിൽ ചേർത്ത് വിതരണം നടത്തിയതായി കാണുന്നില്ല. ലാപ്ടോപ്പ് വിതരണത്തിനായി ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റ് നിലവിലുണ്ടെങ്കിലും, അസി.സെക്രട്ടറിക്ക് ലഭ്യമായ ഏകദേശം 25 ഓളം അപേക്ഷകൾ പരിശോധിച്ച് അർഹരായ കുട്ടികളെ തെരഞ്ഞെടുക്കുകയോ, ആയതിന് കമ്മിറ്റിയുടെ അനുവാദം വാങ്ങി ലഭ്യമായ ലാപ്ടോപ്പുകൾ വിതരണം നടത്തുന്നതിനോ ഉള്ള നടപടികൾ നിർവഹണോദ്യോഗസ്ഥനായ അസി.സെക്രട്ടറിയുടെ ഭാഗത്ത് നിന്നും ഉണ്ടായതായി കാണുന്നില്ല.

ലാപ് ടോപ്പുകൾ വിതരണം നടത്തി രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നത് വരെ ചെലവ് തുക 264847/- രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇനിയും കെൽട്രോണിൽ നിന്നും ലഭ്യമാകാത്ത 3 ലാപ്ടോപ്പുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്

എൻക്വയറി നം.19 ന് നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല.

### 1-46 പട്ടികജാതിക്കാർക്ക് കുടിവെള്ള സംഭരണി-ഗുണഭോക്തൃവിഹിതത്തിന് പകരം പദ്ധതി വിഹിതം അധികമായി ഉപയോഗിച്ചു

അസി.സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പദ്ധതി നം.124/20-21 പട്ടികജാതിക്കാർക്ക് കുടിവെള്ള സംഭരണി എന്നതിൽ, 184 കുടിവെള്ള സംഭരണി വാങ്ങിയതിന് താഴെ പറയും പ്രകാരം സെൽസർ പോളിമേഴ്സ് എന്ന സ്ഥാപനത്തിന് 439759/ രൂപാ നൽകിയിട്ടുണ്ട്

ബിൽ നം-19/19-20,dt.30-1-20, Amt.2,51,919/(പദ്ധതി വിഹിതം)

ബിൽ നം-2/20-21,dt.15-4-20,amt.1,19,500/(പദ്ധതി വിഹിതം)

Amt.68340/(ഗുണഭോക്തൃവിഹിതം)

184 കുടിവെള്ള സംഭരണിക്ക് ആനുപാതികമായി നൽകേണ്ട പദ്ധതി വിഹിതം 329728/(1792x184) രൂപയും, ഗുണഭോക്തൃവിഹിതം, 110032/(598x184) രൂപയും ആണ്. എന്നാൽ അസി. സെക്രട്ടറി പദ്ധതി വിഹിതം 371,419/ രൂപയാണ് ചെലവ് ചെയ്തിരിക്കുന്നത്. ആയതിനാൽ കൂടുതലായി പദ്ധതി വിഹിതം ചെലവഴിച്ചത് 68340 –(439759-371419) തിരികെ പ്ലാൻ ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 150000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 150000 | |
| | | 83000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 83000 | |
| | | 400000 | ലൈഫ് ഭവനപദ്ധതി ജനറൽ ഭൂരഹിതഭവനരഹിതർക്ക് സ്ഥലം വാങ്ങൽ | 400000 | |
| | | 36740 | സുഭിക്ഷകേരളം-ഫലവൃക്ഷ തൈ വിതരണം | 36740 | |
| ആകെ | | 669740 | | 669740 | |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 863098 | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 863098 | |
| | | 150000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 150000 | |
| | | 500000 | അങ്കണവാടി പോഷകാഹാരം | 500000 | |
| | | 150000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 150000 | |
| ആകെ | | 1663098 | | 1663098 | |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം/ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ചതുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | | 863098 | 0 | 863098 |
| കേരളാ വാട്ടർ അതോറിറ്റി | സമഗ്ര കുടിവെള്ള പദ്ധതി | | 575895 | 575895 | 0 |
| കേരളാ വാട്ടർ അതോറിറ്റി | പുഴയ്ക്കൽ പമ്പ് ഹൗസിൽ നിന്നും ചാക്യാം പറമ്പ് ഒ എച്ച് ടാങ്കിലേക്ക് ലൈൻ നീട്ടൽ | | 24000000 | 0 | 24000000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

ഇല്ല.

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം/തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻബാക്കിയുണ്ടായിരുന്നതുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻബാക്കിയുണ്ടായിരുന്നതുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | | | 2627950 | 1463950 | | 1164000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്

വാർഷികകണക്ക് പ്രകാരം 600/ രൂപയുടെ നിക്ഷേപം കാണുന്നുണ്ട്. ആയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായത് താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ (ലഭ്യമാക്കിയ മറുപടി) |
|---|---|---|---|---|---|---|
| 1 | 2014-15 | 2(1)-1 | 2016-17 | 2-1 | അദ്ധ്യാപകരുടെ തൊഴിൽ നികുതി നിയമന അംഗീകാരം ലഭിക്കാത്തതിനാൽ ഈടാക്കിയിട്ടില്ല | തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. |
| 2 | 2014-15 | 2(1)-2 | 2016-17 | 2-1 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | ബി.എസ്.എൻ.എൽ.ന് എതിരെ RR നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ഓഫീസ് പഞ്ചായത്തിൽ ഇല്ല. പമ്പ് ഹൗസ് മാത്രമാണ് ഉള്ളത്. മറ്റ സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. |
| 3 | 2014-15 | 2(1)-3 | 2016-17 | 2-1 | ക്വാളിറ്റി കണ്ടെയ്നേഴ്സ് എന്ന സ്ഥാപനം രണ്ടാം അർദ്ധ വർഷം ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും അടവാക്കിയിട്ടില്ല. | നികുതി അടവാക്കിയിട്ടുണ്ട്. |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 88694319 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79672614 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ | ഇല്ല |

| | |
|---|---|
| അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 264847 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-45 | 264847 | ശ്രീ.മാറ്റ്ലി.എം.ചെറുവത്തൂർ |
| ആകെ | 264847 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മാറ്റ്ലി.എം.ചെറുവത്തൂർ | അസി.സെക്രട്ടറി, നെൻമണിക്കര | ചെറുവത്തൂർഹൗസ്, ഈസ്റ്റ്ഫോർട്ട്.പിഒ |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1983-84 | എൽ.എഫ്.ടി.എസ്.2- 781/11 തീ.18.10.11/ 06.01.12 |
| 1984-85 | |
| 1985-86 | |
| 1986-87, 1987-88 | |
| 1990-91 | |
| 1991-92 | |
| 1992-93, 1993-94 | എൽ.എഫ്.ടി.എസ്.2-781/11 തീ.18/10/11/6.1.12 |
| 1994-95, 1995-96 | എൽ.എഫ്.ടി.എസ്.2- 781/11 തീ.18.10.11/ 6.1.12 |
| 1996-97&1997-98 | എൽ.എഫ്.ടി.21/1911/ 2000/18.05.2000 |
| 1998-99, 1999-2000, 2000-01 | എൽ.എഫ്.ടി.12/932/ 02/11.01.13 |
| 2001-02 | എൽ.എഫ്.ടി.12- 1583/03/ 26.02.02(പ്ലാൻ) |
| 2002-03 | എൽ.എഫ്.ടി.12-944/06/ 30.03.06 |
| 2003-04 | എൽ.എഫ്.ടി.12-156/06/ 14.08.06 |
| 2004-05 | എൽ.എഫ്.ടി.12-2853/06/ 05.12.07 |
| 2005-06 | എൽ.എഫ്.ടി.12-2000/08/ |

| | |
|---|---|
| | 08.03.10/16.4.10 |
| 2006-07 | എൽ.എഫ്.ടി.12-791/10/ 28.01.11 |
| 2007-08 | എൽ.എഫ്.ടി.12-803/10/ 28.01.11 |
| 2008-09 | എൽ.എഫ്.ടി.12-1776/10/ 20.04.11/02.09.11 |
| 2009-10 | എൽ.എഫ്.ടി.പി3-364/12/ 28.04.12 |
| 2010-11 | എൽ.എഫ്.ടി.പി3- 365/12/ 28.04.12/ 05.07.12 |
| 2011-12 | എൽ.എഫ്.ടി.പി3/692/13 01.08.13/05.10.13 |
| 2012-13 | എൽ.എഫ്.ടി.പി3/2146/ 13/02.04.2014 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ (പി3) 1925/14/ 13.07.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ പി3/349/16, 14.03.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ പി3/1929/16, 29.11.2016 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ പി3/1416 /2017, 10-11-17/27-11-17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ പി3/1671 /2018, തീ.28.11.2018 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ പി3/1785 /2019, തീ.07.02.2020 |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ(പി1)987/2022, തീ.05-07-2022. |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്